പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4121 — 24.10.2016 ൽ മറുപടിയ്ക്ക്

## 'ഫിസിക്കലി ഹാൻഡിക്യാപ്ഡ്" വിഭാഗത്തിൽ അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം<br>ശ്രീ.സി.ദിവാകരൻ | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) പി.എസ്.സി. അപേക്ഷ ക്ഷണിക്കുന്ന വയിൽ 'ഫിസിക്കലി ഹാൻഡിക്യാപ്ഡ്' വിഭാഗത്തിൽ അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ; | (എ) പി.എസ്.സി. അപേക്ഷ ക്ഷണിക്കുന്നവയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ അപേക്ഷിക്കുവാൻ അർഹരല്ല എന്ന് വിജ്ഞാപനത്തിൽ പറയാത്ത തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായുള്ള വിജ്ഞാപനങ്ങൾക്കെല്ലാം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ 40% ഉം അതിൽ കൂടുതലും വൈകല്യമുള്ളവർക്കാണ് ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യങ്ങളെല്ലാം നൽകുന്നത്. 1995 ലെ The Persons with Disabilities(Equal Opportunities, Protection of Rights and Full Participation) Act സെക്ഷൻ 32 പ്രകാരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ നിയമിക്കുന്നതിന് അനുയോജ്യമാണെന്ന് സർക്കാർ കണ്ടെത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള തസ്തികകളിലാണ് ടി ആക്ടിന്റെ സെക്ഷൻ 33 പ്രകാരം ഭിന്നശേഷിക്കാർക്ക് 3% ഒഴിവുകളിലേയ്ക്കുള്ള സംവരണം നടപ്പിലാക്കിയിട്ടുള്ളത്. സർക്കാർ കണ്ടെത്തിയിട്ടുള്ള അത്തരം തസ്തികകളി ലേയ്ക്കുള്ള നിയമനങ്ങളിൽ 40 ശതമാനമോ അതിൽ കൂടുതലോ വൈകല്യം നേരിടുന്ന ഉദ്യോഗാർത്ഥികൾക്ക് മാത്രമേ മേൽപ്പറഞ്ഞ 3% സംവരണ ഒഴിവുകളിലെ നിയമനങ്ങൾക്ക് അർഹതയുള്ളൂ. ഭിന്നശേഷി വിഭാഗങ്ങൾക്ക് 3% സംവരണത്തിന് സർക്കാർ കണ്ടെത്തിയ ഒരു തസ്തിക ഏതൊക്കെ വിഭാഗം ഭിന്നശേഷിക്കാർക്ക് അനുയോജ്യമാണെന്ന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരമാണ് സംവരണം അനുവദിക്കുന്നത്. PwD Act ലെ വ്യവസ്ഥകൾ പ്രകാരം Blindness/Low vision, Hearing Impairment, Locomotor Disability/ |

| | |
|---|---|
| | Cerebral Palsy എന്നീ വൈകല്യങ്ങളുള്ള വരെയാണ് നിയമനങ്ങളിൽ ഭിന്നശേഷി ക്കാരായി പരിഗണിക്കുന്നത്. ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സംവരണ നിയമനങ്ങൾക്ക് അപേക്ഷിക്കുന്നവർ നിശ്ചിത മെഡിക്കൽ അധികാരിയിൽ നിന്നും നിശ്ചിത മാതൃകയിലുള്ളതും മേൽപ്പറഞ്ഞ ഏതെങ്കിലും വിഭാഗത്തിലോ ഒന്നിലധികം വിഭാഗങ്ങളിലോ ഉൾപ്പെടുന്ന വൈകല്യം ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. |
| (ബി) ഏതെല്ലാം ഫിസിക്കലി ഹാൻഡിക്യാപ്ഡ് സർട്ടിഫിക്കറ്റുകളാണ് പി.എസ്.സി. അംഗീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) 30.6.2012 ലെ സ.(പി)നം.39/2012/ സാ.ക്ഷേ.വ നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റുകൾ ആണ് ഭിന്നശേഷി നിയമനങ്ങൾക്ക് പി.എസ്.സി പരിഗണി ക്കുന്നത് |
| (സി) ലിസ്റ്റിലുൾപ്പെട്ടവരുടെ വൈകല്യം പരിശോധിക്കാൻ പി.എസ്.സി. യ്ക്ക് സംവിധാനങ്ങളുണ്ടോയെന്ന് വിശദമാക്കുമോ;<br><br>(ഡി) ഇല്ലെങ്കിൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) & (ഡി) SLP.1898/2015 നമ്പറുള്ള ബഹു:സുപ്രീം കോടതിയുടെ 13.2.2015 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിയിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ വൈകല്യം കമ്മീഷൻ പരിശോധിക്കുന്നില്ല. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ നിയമനത്തിന് അനുയോജ്യരാണെന്ന് PwD Act പ്രകാരം സർക്കാർ കണ്ടെത്തിക്കഴിഞ്ഞാൽ അത്തരം തസ്തികകളിലേയ്ക്ക് അപേക്ഷിക്കുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ടി ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്. വിവിധ ഏജൻസികൾ വൈകല്യം പരിശോധിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ